**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5892** **16-03-2023 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്ഥാപനങ്ങൾ വഴി സബ്സിഡി നിരക്കിൽ പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഒ . ആർ. കേളു | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | പാചകവാതക വിലക്കയറ്റം അനിയന്ത്രിതമായി ഉയരുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് ഹോട്ടലുകളിലും വീടുകളിലും ഭാഗികമായി വിറകടുപ്പുകൾ ഉപയോഗിച്ച് തുടങ്ങിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | പ്രസ്തുത സാഹചര്യത്തിൽ പുകയില്ലാത്ത വിറകടുപ്പുകൾ, പുകയില്ലാത്ത ഇരട്ട അടുപ്പുകൾ തുടങ്ങിയവ സ്ഥാപിച്ച് പരിസ്ഥിതിക്കും ഊർജസംരക്ഷണത്തിനും ഗുണകരമാകുന്നതരത്തിലുള്ള പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (ബി) | മെച്ചപ്പെട്ട വിറകടുപ്പ് ഉൾപ്പെടെയുള്ള അക്ഷയോർജ്ജ ഉപകരണങ്ങളുടെ വ്യാപനത്തിനായി അവയുടെ വിതരണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ അനെർട്ടിന്റെ സാങ്കേതിക സഹായത്തോടെ ഏറ്റെടുക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. മെച്ചപ്പെട്ട വിറകടുപ്പുകളുടെ മോഡലുകളും അവ സ്ഥാപിച്ചു നൽകുന്നവരുടെ അംഗീകൃത ലിസ്റ്റും വിലയും അനെർട്ട് ലഭ്യമാക്കുന്നതനുസരിച്ച് അവ സ്ഥാപിക്കുന്നതിന് ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. ജനറൽ വിഭാഗത്തിന് പരമാവധി 3750 രൂപയും പട്ടികജാതി വിഭാഗത്തിന് പരമാവധി 4500 രൂപയും പട്ടികവർഗ്ഗ വിഭാഗത്തിന് യൂണിറ്റ് നിരക്കായ 5000 രൂപ പൂർണ്ണമായും ധനസഹായം നൽകുന്നതിന് പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിലെ സബ്സിഡി - ധനസഹായം - അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ പ്രകാരം അനുമതിയുണ്ട്. |
| (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി സബ്സിഡി നിരക്കിൽ പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കുന്നതിന് ആവശ്യമായ നിർദേശങ്ങൾ നൽകുമോയെന്ന് അറിയിക്കുമോ? | (സി) | മെച്ചപ്പെട്ട വിറകടുപ്പ് ഉൾപ്പെടെയുള്ള അക്ഷയോർജ്ജ ഉപകരണങ്ങളുടെ വ്യാപനത്തിനായി അവയുടെ വിതരണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ അനെർട്ടിന്റെ സാങ്കേതിക സഹായത്തോടെ ഏറ്റെടുക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. മെച്ചപ്പെട്ട വിറകടുപ്പുകളുടെ മോഡലുകളും അവ സ്ഥാപിച്ചു നൽകുന്നവരുടെ അംഗീകൃത ലിസ്റ്റും വിലയും അനെർട്ട് |

| | | | |
|---|---|---|---|
| | | | ലഭ്യമാക്കുന്നതനുസരിച്ച് അവ സ്ഥാപിക്കുന്നതിന് ഗ്രാമ പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും പ്രോജക്ട് എടുക്കാവുന്നതാണ്. ജനറൽ വിഭാഗത്തിന് പരമാവധി 3750 രൂപയും പട്ടികജാതി വിഭാഗത്തിന് പരമാവധി 4500 രൂപയും പട്ടികവർഗ്ഗ വിഭാഗത്തിന് യൂണിറ്റ് നിരക്കായ 5000 രൂപ പൂർണ്ണമായും ധനസഹായം നൽകുന്നതിന് പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിലെ സബ്സിഡി - ധനസഹായം - അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖ പ്രകാരം അനുമതിയുണ്ട്. |

സെക്ഷൻ ഓഫീസർ